ദീപിക
DEEPIKA
കൊച്ചി
30
ജൂലൈ 2011
ശനി

# ഇ-ടോയ്‌ലറ്റ് ഉദ്ഘാടനം ചെയ്തു

കൊച്ചി: ശുചി @ സ്കൂൾ പദ്ധതിയുടെ ഭാഗമായ അത്യാധുനിക മൂത്രപ്പുര-ഇ ടോയ്‌ലറ്റ് എറണാകുളം ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ ഉദ്ഘാടനം ചെയ്തു. പി.രാജീവ് എംപിയുടെ ഫണ്ട് ചെലവഴിച്ച് ബിപിസിഎൽ-കൊച്ചി റിഫൈനറിയുടെ സഹകരണത്തോടെയാണ് അഞ്ച് ഇ-ടോയ്‌ലറ്റുകൾ സ്ഥാപിച്ചത്. ലോകത്തിന് തന്നെ മാതൃകയാകുന്ന പദ്ധതിയാണിതെന്ന് കൃഷ്ണയ്യർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഒന്നാം ലോകത്തെയും മൂന്നാം ലോകത്തെയും അവിടുത്തെ ടോയ്‌ലറ്റുകൾ കണ്ട് തിരിച്ചറിയാം. സമൂഹത്തിൻെറ ഏറ്റവും താഴെ തട്ടിലുള്ളവരെക്കുറിച്ച് ചിന്തിക്കുന്നവർക്ക് മാത്രമെ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യാനാകൂ. പി രാജീവ് എംപി കാണിച്ച മാതൃക നാളെ രാജ്യം അനുകരിക്കട്ടെ എന്നും കൃഷ്ണയ്യർ ആശംസിച്ചു.

ഒന്നര കോടി ചെലവിൽ 25 സ്കൂളുകൾക്കാണ് ഇ-ടോയ്‌ലറ്റ് നൽകുന്നതെന്നും പദ്ധതിയിൽ പ്പെട്ടിട്ടുള്ള മറ്റു സ്കൂളുകൾക്കുള്ള ഇ ടോയ്‌ലറ്റുകൾ ഒരുമാസത്തിനുള്ളിൽ സ്ഥാപിക്കുമെന്നും ചടങ്ങിൽ പങ്കെടുത്ത പി. രാജീവ് എംപി പറഞ്ഞു. പല മാതൃകകളും പരിശോധിച്ച ശേഷമാണ് ഭിന്നശേഷിയുള്ളവർക്കു കൂടി സൗകര്യപ്രദമായ ഇപ്പോഴത്തെ മാതൃക കെൽട്രോൺ ആൻഡ് ഇറാം സയൻറിഫിക് സൊലൂഷൻസ് രൂപകൽപ്പന ചെയ്തത്. മൂന്ന് വർഷത്തേക്ക് ഇവർ തന്നെ മെയിൻറനൻസ് നടത്തും. തുടർന്ന് സർക്കാർ സ്കൂളുകളിൽ പിടിഎയ്ക്കും എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെൻറിനുമാകും ചുമതല.

മേയർ ടോണി ചമ്മണി അധ്യക്ഷനായിരുന്നു. രണ്ട് ഇ ടോയ്‌ലറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി നഗരസഭയുടെ അജൻഡയിലുണ്ടെന്ന് മേയർ പറഞ്ഞു. ഡപ്യൂട്ടി മേയർ ബി ഭദ്ര, പിടിഎ പ്രസിഡൻറ് അനിത ജ്യോതി, കെആർഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഇ. നന്ദകുമാർ, ജനറൽ മാനേജർ എം.പി ഗോവിന്ദരാജൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് വി.എ സക്കീർഹുസൈൻ, പ്രിൻസിപ്പൽ വി പ്രദൂഷ, ഹെഡ്മിസ്ട്രസ് കെ.ഡി ഷൈലജ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ക്ലാസ് ലീഡർമാർക്ക് ഇ-ടോയ്‌ലറ്റ് ഉപയോഗിക്കുന്നതിന് പരിശീലനം നൽകി.